# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *69** — **06.06.2018-ൽ മറുപടിയ്ക്ക്**

## പട്ടിക ഗോത്ര വർഗ സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി. അൻവർ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ. ബാബു<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക ഗോത്ര വർഗ സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിന്റെ ഭാഗമായി അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനും വിദ്യാഭ്യാസ രംഗത്തും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കിക്കൊണ്ട് സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളോടൊപ്പം എത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**<u>തൊഴിൽ നൽകുന്നതിന് സ്വീകരിച്ച നടപടികൾ</u>**<br>വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ താഴെ പറയും പ്രകാരം പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കി. |

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു-മെന്റർ ടീച്ചർ | 241 |
| സാമൂഹ്യ പഠനമുറി ട്യൂട്ടർ | 100 |
| എസ്.ടി പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |

| | |
|---|---|
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| കുടുംബശ്രീ അനിമേറ്റർ | 200 |
| **ആകെ** | **2694** |

- **<u>മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള പരിപാടികൾ</u>**
  - KIIFB മുഖേന വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ഹോസ്റ്റലുകളുടെ നിർമ്മാണം.
  - പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം.
  - പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം
  - ട്രൈബൽ സ്കൂളിലെ കുട്ടികൾക്ക് യൂണിഫോം.
  - രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്.
  - ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്.
  - അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ്.
  - പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്റ്റഡി ടൂർ.
  - ഗോത്രസാരഥി പദ്ധതി.
  - പട്ടികവർഗ്ഗ കുട്ടികൾക്കായി പാരാ മെഡിക്കൽ കോഴ്സ്.
  - ലാപ് ടോപ് വിതരണം.
  - പ്രീമെട്രിക് പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി

| | | | |
|---|---|---|---|
| | | | തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.<br><br>• പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച 56 കുട്ടികൾക്ക് പ്രാരംഭ ചെലവുകൾക്കായി 2016-17 വർഷം 4.05 ലക്ഷവും 2017-18 വർഷത്തിൽ 81 കുട്ടികൾക്ക് 4.05 ലക്ഷം രൂപയും ചെലവഴിച്ചു.<br><br>• സമഗ്ര സാക്ഷരത.<br><br>**മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ**<br><br>• സ്മാർട്ട് ക്ലാസ്സ്റൂം<br>• കമ്പ്യൂട്ടർ ലാബ്<br>• സയൻസ് ലാബ്<br>• ലാംഗ്വേജ് ലാബ്<br>• സ്കൂൾ റേഡിയോ<br>• കരിയർ ഗൈഡൻസ് & കൗൺസിലിംഗ്<br>• സി.സി.ടി.വി<br>• സോളാർ പവർ പ്ലാന്റ് എം.ആർ.എസുകളുടെ അടുക്കള നവീകരണം.<br>• മൾട്ടിപർപ്പസ് സിന്തറ്റിക് കോർട്ട്<br>• മിനിമാസ്റ്റ് ലൈറ്റ്<br>• മിന്നൽ രക്ഷാചാലകം<br>• ഖരദ്രാവക മാലിന്യ സംസ്ക്കരണ പ്ലാന്റ്<br>• ജല ശുദ്ധീകരണ പദ്ധതി |

| | | | |
|---|---|---|---|
| | | | • പട്ടികവർഗ്ഗ കുട്ടികൾക്കുള്ള എൻട്രൻസ് പരീക്ഷ എഴുതുന്നതിനായി സ്പെഷ്യൽ കോച്ചിംഗ് ക്രാഷ് കോഴ്സ് നടത്തുന്നതിന് 0.98 കോടി രൂപ അനുവദിച്ചു. |
| ബി) | പട്ടിക ഗോത്ര വർഗ സമൂഹം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും അവ പരിഹരിക്കാൻ വേണ്ട ശിപാർശകളും ഉൾപ്പെടുന്ന റിപ്പോർട്ട് സാക്ഷരതാമിഷൻ സമർപ്പിച്ചിരുന്നോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; | ബി) | പ്രസ്തുത റിപ്പോർട്ട് സാക്ഷരതാ മിഷൻ, പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ശുപാർശ അനുബന്ധമായി ചേർക്കുന്നു. |
| സി) | ആധുനിക തൊഴിൽ രംഗത്ത് ആവശ്യമായ വൈദഗ്ധ്യ പരിശീലനവും സംരംഭത്തിന് ആവശ്യമായ സാമ്പത്തിക സഹായവും നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാദ്ധ്യതകൾ പട്ടിക വർഗ്ഗ യുവതീയുവാക്കൾക്ക് ലഭ്യമാക്കുന്നതിന് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്. ഇതിനു പുറമെ **കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ്** (KASE) എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുമായി വകുപ്പ് നേരിട്ടു കരാറിൽ ഏർപ്പെട്ട് ഇത്തരം ആധുനിക തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്.<br>സംസ്ഥാനത്ത് പട്ടികവർഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | ആയതിന് **"പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം"** എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.എസ് എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കി വരുന്നു.<br><br>**<u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u>**<br><br>ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെ സംഘടിപ്പിച്ചു കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. 1400 യുവതീ യുവാക്കൾ പങ്കെടുക്കുകയും പരിശീലന പരിപാടിയുള്ള പ്രവർത്തന നടപടികൾ ആരംഭിച്ചു.<br><br>**<u>സ്വയം തൊഴിലും നൈപുണ്യവികസനവും</u>**<br><br>• ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ സ്വായത്തമാക്കുന്നതിനായി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, മിൽമ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്.<br><br>• 2016-17 സാമ്പത്തികവർഷം മുതൽ 'ഗോത്ര ജീവിക' എന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ 1170 പേരെ കണ്ടെത്തി അവർക്ക് കെട്ടിട നിർമ്മാണ മേഖലയുൾപ്പെടെ ഏഴ് ഇനങ്ങളിൽ തൊഴിൽ പരിശീലനം നൽകി തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും, ആയത് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള സഹായം നൽകുന്നതിനായി 3.34 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് സൊസൈറ്റികൾ, വ്യക്തിഗത യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>• ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് 308 ലക്ഷം രൂപ ചെലവിൽ വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>• പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ അട്ടപ്പാടിയിൽ അപ്പാരൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 255.00 ലക്ഷം രൂപയുടെ പദ്ധതി 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നു.<br>• 2016-17 സാമ്പത്തിക വർഷം പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എൻ.റ്റി.റ്റി. എഫ് എന്ന സാങ്കേതിക സ്ഥാപനം മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് ക്ലോഴ്സും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തുന്നതിനായി 4.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>• സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST)മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 0.60 കോടി ചെലവഴിച്ച 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തി.<br>• ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡിസിഎ കോഴ്സ് പരിശീലനത്തിനായി 0.38 |

| | | | |
|---|---|---|---|
| | | | കോടി രൂപ ചെലവഴിച്ച് 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി.<br>• എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനത്തിനായി 0.69 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കി പ്ലെയ്സ്മെന്റ് നൽകി.<br>• സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിനായി 0.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>• KASE ഉം പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിപാടിക്കായി 1.43 കോടി 2017-18 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. KASE മായി അക്രഡിറ്റ് ചെയ്തിട്ടുള്ള അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കോഴ്സുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>• ഡിപ്ലോമ ഇൻ ആയുർവേദ-പഞ്ചകർമ്മ തെറാപ്പി.<br>• ഡിപ്ലോമ ഇൻ ആയുർവേദനഴ്സിംഗ്.<br>• ഡിപ്ലോമ ഇൻ ഫാർമസി.<br>• അഡ്വാൻസ് ഇൻ നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം.<br>• BLS, IELTS<br>• നഴ്സിംഗ് കരിയർ അഡ്വാൻസ് പ്രോഗ്രാം. |

സെക്ഷൻ ഓഫീസർ

അനുബന്ധം

- ആദിവാസി സാക്ഷരതാപദ്ധതിയുടെ ഭാഗമായി നടന്ന ആദിവാസി ഇൻസ്ട്രക്ടർമാരുടെ സാമൂഹ്യസാക്ഷരതാപരിശീലനത്തിൽ ഉയർന്നുവന്ന ചർച്ചയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച നടപ്പാക്കുന്നത് ഉചിതമായിരിക്കും.
- സാക്ഷരതാ-തുടർവിദ്യാഭ്യാസപദ്ധതി എല്ലാ ആദിവാസി ഊരുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.
- ഹയർസെക്കൻഡറി തുല്യതവരെയുള്ള തുടർവിദ്യാഭ്യാസം എല്ലാ ആദിവാസി ഊരുകളിലും ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടികവർഗ്ഗവികസനവകുപ്പിന്റെയും സാമ്പത്തികം വകയിരുത്തുന്നത് ഉൾപ്പെടെയുള്ള പിന്തുണ ഉറപ്പുവരുത്തേണ്ടതാണ്.
- എല്ലാ ഊരിലും പത്രം- ആനുകാലികങ്ങൾ (കുറഞ്ഞത് രണ്ടു പത്രങ്ങളും രണ്ട് ആനുകാലികങ്ങളും) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നത് ഗുണകരമായിരിക്കും.
- എല്ലാ ഊരുകളിലും ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ആദിവാസി പ്രേരക്മാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ലൈബ്രറികൾ ആരംഭിക്കാവുന്നതാണ്.
- ബോധവൽക്കരണപ്രവർത്തനങ്ങൾ സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ബോധവൽക്കരണം ആവശ്യമുള്ള മേഖലകളിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഡിജിറ്റൽ പഠനസഹായികൾ ഉൾപ്പെടെ തയാറാക്കിക്കൊണ്ട് ഈ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.
- ഊരുകൾ കേന്ദ്രീകരിച്ച് സാഹിത്യഅക്കാദമി, ലളിതകലാ അക്കാദമി, ചലച്ചിത്ര അക്കാദമി, സംഗീതനാടകഅക്കാദമി തുടങ്ങിയവയുടെ ക്യാമ്പുകളും പരിശീലനങ്ങളും സംഘടിപ്പിക്കണം.
- ആധുനികവ്യവസായങ്ങൾ ആദിവാസിമേഖലയിൽ ആരംഭിക്കുകയും അവിടെ ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയും വേണം.
- കൃഷി ചെയ്യാനുള്ള പിന്തുണ നൽകണം.
- കൃഷിയിൽ നിന്നും ചെറുകിടവ്യവസായങ്ങളിൽ നിന്നുമുള്ള ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കണം. അവ ശേഖരിക്കുന്ന സൊസൈറ്റികൾ രൂപീകരിക്കണം.
- പൊതുവിദ്യാഭ്യാസവകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, പട്ടികവർഗ്ഗവികസനവകുപ്പ് എന്നിവയുടെ സംയുക്തസംരംഭമായി ഊരുകളിൽ സ്ഥിരമായ അനൗപചാരികവിദ്യാഭ്യാസസൗകര്യം ഒരുക്കേണ്ടതാണ്.
- ഗോത്രസാരഥി പദ്ധതി പ്ലസ്ടു വരെ വ്യാപിപ്പിക്കണം. വിദ്യാഭ്യാസകൗൺസിലിംഗ് നടത്തണം.
- ഉന്നതവിദ്യാഭ്യാസകോഴ്സുകൾ പരിചയപ്പെടുത്തുന്നതിനും ഇത്തരം കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനും ആവശ്യമായ പരിശീലനം നല്കുന്നതിന് പദ്ധതികൾ നടപ്പാക്കണം.
- മത്സരപരീക്ഷകൾക്ക് തയ്യാറാകുന്നതിന് പരിശീലനപരിപാടികൾ സംഘടിപ്പിക്കണം.
- ആദിവാസി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസയോഗ്യതക്ക് ആനുസൃതമായ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തണം. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ പ്രോജക്ട് ഉൾപ്പെടെയുള്ള സംരംഭങ്ങളിൽ ആദിവാസി വിഭാഗങ്ങളിലെ വിദ്യാസമ്പന്നർക്ക് തൊഴിൽലഭ്യത ഉറപ്പാക്കണം.
- സർക്കാർ ആദിവാസിവിഭാഗങ്ങൾക്കായി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും നിയമപരിരക്ഷയെകുറിച്ചും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കണം.

ലെയ്സൺ ഓഫീസർ